# അവർ ക്രിമിനലുകളല്ല






**സന്ധ്യാറാണി. എൽ**
ചൈൽഡ് ആന്റ് ഫാമിലി കൗൺസിലർ
Consolace Counselling Services
തിരുവനന്തപുരം & ചങ്ങനാശ്ശേരി
Ph : 9388 183 153
www.consolace.com


**സ്കൂൾ ബസിൽ നിന്ന് ക്ലാസ് മുറിയ്ക്കുള്ളിലേയ്ക്കും തിരികെ വീട്ടിലേയ്ക്കും സഞ്ചരിക്കുന്ന പുതിയ തലമുറയുടെ ജീവിതം തിരക്കുപിടിച്ചതാണ്. എടുത്താൽ പൊങ്ങാത്ത ഭാരമുള്ള സ്കൂൾബാഗും ഏറ്റി ദിവസത്തിന്റെ ഭൂരിഭാഗവും പുസ്തകങ്ങൾക്കൊപ്പം ചെലവിടുന്ന അവർക്ക് അതിനപ്പുറം ഒരു ലോകമില്ല**

പ്ലസ്ടു വിദ്യാർത്ഥിയായ മകനേയും കൊണ്ടാണ് പ്രമോദ് എന്നെ കാണാൻ വന്നത്. മകന്റെ സ്വഭാവത്തെക്കുറിച്ചുള്ള ആശങ്കകളാണ് അദ്ദേഹം പങ്കുവച്ചത്. വിദേശത്ത് ബിസിനസ്സുകാരനായ അദ്ദേഹം വർഷത്തിൽ ഒരിക്കൽ മാത്രമേ നാട്ടിൽ വരാറുള്ളൂ. മകനും ഭാര്യയും നാട്ടിൽ താമസിക്കുന്നു. സാമ്പത്തികമായി ഉയർന്ന നിലയിലുള്ള കുടുംബമായതിനാൽ നഗരത്തിലെ പ്രശസ്തമായൊരു സ്കൂളിൽ തന്നെ മകന് അഡ്മിഷൻ തരപ്പെടുത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. മകൻ പഠനത്തിൽ പിന്നാക്കമായിരുന്നെങ്കിലും എല്ലാവരോടും നല്ല രീതിയിൽ ഇടപഴകുന്ന കുട്ടിയായിരുന്നു. ആരോടും അവൻ വഴക്കിട്ടതായി അറിയില്ല. എന്നാൽ അടുത്തിടെ സ്കൂളിലുണ്ടായ ചില സംഭവങ്ങൾ വീട്ടുകാരെയാകെ ഞെട്ടിച്ചു.

മകൻ സ്കൂളിലെ സഹപാഠിയായ ഒരു പെൺകുട്ടിയെ അവളുടെ വീട്ടിൽ കയറി ആക്രമിച്ചു! വീട്ടിൽ ഈ സമയം ആരും ഇല്ലായിരുന്നെങ്കിലും പെൺകുട്ടി ബഹളം വച്ച് അയൽക്കാരെ കൂട്ടുകയും ഇറങ്ങിയോടുകയും ചെയ്തതിനാൽ കാര്യമായ പരിക്കുകളില്ലാതെ രക്ഷപ്പെട്ടു. ഇ

**എന്റെ മകൻ അല്ലെങ്കിൽ മകൾ എല്ലാത്തിലും ഒന്നാമതാണ് എന്നു പറയുമ്പോൾ മാത്രം അഭിമാനപുളകിതരാകുന്ന രക്ഷിതാക്കളും ഈ വ്യവസ്ഥിതിയുടെ ഭാഗമാണ്. പഠനത്തിലും കലാകായിക പ്രകടനങ്ങളിലും മത്സരം കൊഴുക്കുമ്പോൾ കുട്ടികൾ കടുത്ത സമ്മർദ്ദം അനുഭവിക്കുന്നു. ഇതേകുറിച്ച് വീട്ടുകാരോട് സംസാരിക്കാൻ കുട്ടിക്ക് കഴിഞ്ഞുവെന്ന് വരില്ല. അവർക്ക് തന്നെ മനസ്സിലാക്കാൻ കഴിയില്ലെന്ന തോന്നലാണ് കാരണം**

ക്കാര്യം സ്കൂളിൽ ചർച്ചയാകുകയും മകനെ സ്കൂളിൽ നിന്ന് പുറത്താക്കുകയും ചെയ്തു. ഏറെ നാളത്തെ ശ്രമത്തിനൊടുവിൽ മറ്റൊരു സ്കൂളിൽ അഡ്മിഷൻ ശരിയാക്കിയെങ്കിലും കുട്ടി സ്കൂളിൽ പോകാനോ പഠിക്കാനോ താത്പര്യം കാണിച്ചില്ല. ഏറെ ലാളിച്ചു വളർത്തിയ മകന്റെ സ്വഭാവത്തിലുണ്ടായ ഈ മാറ്റങ്ങൾ അമ്മയെ വല്ലാതെ തളർത്തിക്കളഞ്ഞു. കുടുംബത്തിന്റെ താളംതെറ്റുന്നു എന്ന് തിരിച്ചറിഞ്ഞപ്പോൾ തിരക്കുകളെല്ലാം മാറ്റിവച്ച് പ്രമോദ് നാട്ടിലെത്തുകയായിരുന്നു. തന്റെ മകന് എന്താണ് സംഭവിച്ചത് എന്നായിരുന്നു അദ്ദേഹത്തിന് അറിയേണ്ടിയിരുന്നത്. സൗമ്യഭാവത്തോടെ എന്റെ മുന്നിലിരിക്കുന്ന ആ കുട്ടി ഒരാളെ അപായപ്പെടുത്താൻ ശ്രമിച്ചുവെന്നത് അവിശ്വസനീയമായി തോന്നി. എന്റെ ചോദ്യങ്ങൾക്കൊന്നും ആദ്യം അവൻ മറുപടി തന്നില്ല. എന്നാൽ അച്ഛനെ മാറ്റിനിർത്തി അവനോട് തനിച്ച് സംസാരിച്ചപ്പോൾ കാര്യങ്ങൾ വ്യക്തമായി. പഠിക്കാൻ പിന്നാക്കമായിരുന്ന അവൻ അച്ഛനമ്മമാരുടെ നിർബന്ധത്തിന് വഴങ്ങിയാണ് സയൻസ് ഗ്രൂപ്പെടുത്തത്. സ്കൂളിൽ എല്ലാ മാസവും ടെസ്റ്റ് പേപ്പർ ഉണ്ടാകും. മാർക്ക് കുറഞ്ഞ കുട്ടികളെ അവരുടെ രക്ഷിതാക്കളുടെ മുന്നിൽ വച്ചു വഴക്കു പറയും. ക്ലാസിൽ എഴുന്നേൽപ്പിച്ചു നിർത്തി കളിയാക്കും. ഇതൊരു പതിവായപ്പോൾ എങ്ങനെയും മാർക്ക് മേടിക്കുക എന്നതായി അവന്റെ ലക്ഷ്യം. അങ്ങനെ അവനും ചില കൂട്ടുകാരും ചേർന്ന് പരീക്ഷകളിൽ കോപ്പിയടിക്കാൻ തുടങ്ങി. ഒരിക്കൽ ഇത് ആ പെൺകുട്ടിയുടെ ശ്രദ്ധയിൽപ്പെട്ടു. താൻ ഇക്കാര്യം പ്രിൻസിപ്പലിനെ അറിയിക്കുമെന്ന് അവൾ ഭീഷണിപ്പെടുത്തിയതിനാലാണ് ഇത്തരമൊരു ആക്രമണത്തിന് അവൻ മുതിർന്നത്. പെൺകുട്ടിയെ ഉപദ്രവിക്കുക എന്നതിനപ്പുറം കോപ്പിയടിരഹസ്യം പുറംലോകം അറിയാതിക്കുക എന്നതായിരുന്നു അവന്റെ ലക്ഷ്യം.

കഥ കേട്ടപ്പോൾ അത്ഭുതം തോന്നിയില്ല. അടുത്തിടെയായി പത്രങ്ങളിൽ വരുന്ന വാർത്തകളുമായി ഇതിനെ ചേർത്തു വായിക്കാവുന്നതേയുള്ളൂ. പാരന്റ്സ് മീറ്റിങ്ങും പരീക്ഷയും മാറ്റിവയ്ക്കാനായി ഒരു കൊച്ചു കുട്ടിയെ ആ സ്കൂളിലെ തന്നെ മുതിർന്ന ഒരു വിദ്യാർത്ഥി കൊലപ്പെടുത്തിയെന്ന വാർത്ത ഞെട്ടലുളവാക്കിയെങ്കിൽ ഉച്ചതിരിഞ്ഞ് അവധി ലഭിക്കാനായി ഒരു വിദ്യാർത്ഥിനി മറ്റൊരു കുട്ടിയെ കത്തികൊണ്ട് മുറിവേൽപ്പിച്ചു എന്ന വാർത്ത മനസ്സ് മരവിപ്പിക്കുന്നതായിരുന്നു. ശാസിച്ചതിന്റെ ദേഷ്യത്തിൽ ഒരു സ്കൂൾ വിദ്യാർത്ഥി പ്രധാനാധ്യാപികയെ വെടിവച്ചു കൊന്ന സംഭവവും നമ്മുടെ രാജ്യത്തുണ്ടായി. സങ്കൽപ്പിക്കാൻ പോലും കഴിയാത്ത വിധത്തിലേയ്ക്ക് കുട്ടികൾ മാറിക്കഴിഞ്ഞിരിക്കുന്നു. നമുക്ക് ഊഹിച്ചെടുക്കാൻ കഴിയാത്ത വഴികളിലൂടെയാണ് അവരുടെ മനസ്സ് സഞ്ചരിക്കുന്നത്.

## പഠനം മാറി; പഠനാന്തരീക്ഷവും

നാലു മണിക്ക് സ്കൂൾ വിട്ട് വീട്ടിലേയ്ക്കോടിയാൽ ഇരുട്ടുവോളം പാടത്ത് കളിക്കും. സന്ധ്യയ്ക്ക് അമ്മ സ്വരം കടുപ്പിക്കുമ്പോൾ ഒരു കാക്കക്കുളി പാസാക്കി മുത്തശ്ശിയോടൊപ്പമിരുന്ന് നാമം ചൊല്ലും. പിന്നെ പാഠഭാഗങ്ങൾ ഉറക്കെ വായിക്കും. കണക്കുകൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുമ്പോഴേയ്ക്കും വിശപ്പ് മുറുകിയിട്ടുണ്ടാകും. അടുക്കളയിൽ നിന്ന് അമ്മയുടെ വിളിയും കാത്തിരിക്കും. ഊണു കഴിഞ്ഞാൽ ചിത്രകഥാപുസ്തകം വായിച്ചു കിടക്കും. അതിനിടെയെപ്പോഴോ ഉറങ്ങിപ്പോകും- ഇന്നത്തെ തലമുറയ്ക്ക് സ്വപ്നം കാണാൻ കൂടി സാധിക്കാത്ത ഒരു സൗഭാഗ്യകാലത്തിന്റെ ഓർമ്മകൾ മാത്രമാണിത്. സ്കൂൾ ബസിൽ നിന്ന് ക്ലാസ് മുറിയ്ക്കുള്ളിലേയ്ക്കും തിരികെ വീട്ടിലേയ്ക്കും സഞ്ചരിക്കുന്ന പുതിയ തലമുറയുടെ ജീവിതം തിരക്കുപിടിച്ചതാണ്. എടുത്താൽ



**ദിവസത്തിന്റെ കുറച്ചു സമയമെങ്കിലും അവരോടൊപ്പം ചെലവിടാൻ കഴിഞ്ഞില്ലെങ്കിൽ മാതാപിതാക്കൾ എന്ന നിലയിൽ അത് നിങ്ങളുടെ പരാജയമാണ്. കുട്ടിയോട് സംസാരിക്കുന്ന സമയം മുഴുവൻ പഠനത്തെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ശ്രദ്ധിക്കണം. അതേസമയം സ്കൂളിലെ വിശേഷങ്ങൾ, കൂട്ടുകാർ ഇത്തരം കാര്യങ്ങൾ തിരക്കുകയും വേണം. എന്തും നിങ്ങളോട് തുറന്നു പറയാം എന്നൊരു ധൈര്യം കുട്ടിയിൽ ഉണ്ടാക്കിയെടുക്കാനാണ് ശ്രദ്ധിക്കേണ്ടത്.**

പൊങ്ങാത്ത ഭാരമുള്ള സ്കൂൾബാഗും ഏറ്റി ദിവസത്തിന്റെ ഭൂരിഭാഗവും പുസ്തകങ്ങൾക്കൊപ്പം ചെലവിടുന്ന അവർക്ക് അതിനപ്പുറം ഒരു ലോകമില്ല. പഠനത്തിനൊപ്പം എക്സ്ട്രാകരിക്കുലർ ആക്ടിവിറ്റികൾ എന്ന പേരിൽ വയലിനും ഡാൻസും പാട്ടും പഠിക്കുമ്പോഴും അതും മത്സരത്തിനുള്ള ഇനങ്ങളിൽ ഒന്നു മാത്രമാകുന്നു. പഠനഭാരം കുറയ്ക്കാനായി തുടങ്ങിയ ഇത്തരം ആക്ടിവിറ്റികൾ മിക്കപ്പോഴും അവർക്ക് അമിതഭാരം സമ്മാനിക്കുന്നു. സ്കൂൾ ഗ്രൗണ്ടുകളിൽ നിർബന്ധപൂർവ്വം നടത്തുന്ന കായികപരിശീലനങ്ങൾക്കപ്പുറം സ്വാഭാവികമായ എന്തെങ്കിലും കളികളിൽ അവർ ഏർപ്പെടുന്നതായി കാണാറില്ല. ചുരുക്കത്തിൽ പുതിയ പഠനവ്യവസ്ഥയിൽ എല്ലാം ഒരുതരം മത്സരമായി മാറിയ അവസ്ഥയാണുള്ളത്. എന്റെ മകൻ അല്ലെങ്കിൽ മകൾ എല്ലാത്തിലും ഒന്നാമതാണ് എന്നു പറയുമ്പോൾ മാത്രം അഭിമാനപുളകിതരാകുന്ന രക്ഷിതാക്കളും ഈ വ്യവസ്ഥിതിയുടെ ഭാഗമാണ്. പഠനത്തിലും കലാകായിക പ്രകടനങ്ങളിലും മത്സരം കൊഴുക്കുമ്പോൾ കുട്ടികൾ കടുത്ത സമ്മർദ്ദം അനുഭവിക്കുന്നു. ഇതേകുറിച്ച് വീട്ടുകാരോട് സംസാരിക്കാൻ കുട്ടിക്ക് കഴിഞ്ഞുവെന്ന് വരില്ല. അവർക്ക് തന്നെ മനസ്സിലാക്കാൻ കഴിയില്ലെന്ന തോന്നലാണ് കാരണം. വിഷമങ്ങൾ പങ്കിടാൻ നല്ലൊരു സുഹൃത്തു കൂടിയില്ലെങ്കിൽ ജീവിതത്തിൽ ഒറ്റപ്പെട്ടതായി കുട്ടിക്ക് തോന്നാം. അച്ഛനും അമ്മയും അടുത്തുണ്ടായിട്ടും ഇത്തരത്തിൽ ഒറ്റപ്പെടൽ അനുഭവിക്കുന്ന കുട്ടികളുടെ എണ്ണം ദിനംപ്രതി കൂടുകയാണ്.

## ഓട്ടം തന്നെ ഓട്ടം

കൂട്ടുകുടുംബത്തിൽ നിന്ന് അച്ഛനും അമ്മയും കുട്ടിയും മാത്രം ഉൾപ്പെടുന്ന അണുകുടുംബത്തിലേയ്ക്ക് നാം മാറിക്കഴിഞ്ഞു. അച്ഛനും അമ്മയും തിരക്കുപിടിച്ച ജോലിക്കാരാവുമ്പോൾ കുട്ടിയെ ശ്രദ്ധിക്കാൻ സമയം തികയാതെ വരുന്നു. പലപ്പോഴും സഹായത്തിന് ആരെയെങ്കിലും വച്ചാണ് കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. കുട്ടിയെ ശ്രദ്ധിക്കാറില്ലേയെന്ന് ചോദിച്ചാൽ മിക്കവരും സ്കൂൾ ഫീസിന്റേയും ട്യൂഷന്റേയും പുസ്തകങ്ങളുടേയും കണക്കുകളാണ് പറയുക. ഇത്രയധികം പണം ചെലവാക്കി മികച്ച വിദ്യാഭ്യാസം അവർക്കു നൽകാൻ ശ്രമിക്കുന്നത് അവരോട് സ്നേഹം ഉള്ളതു കൊണ്ടല്ലേയെന്നാണ് രക്ഷിതാക്കളുടെ ചോദ്യം. അവർ ആവശ്യപ്പെടുന്നതെല്ലാം വാങ്ങി നൽകിയതു കൊണ്ടോ പഠിപ്പിക്കാനായി ഉയർന്ന ഫീസുള്ള സ്കൂളിൽ ചേർത്തതു കൊണ്ടോ സ്നേഹിക്കപ്പെടുന്നു എന്ന തോന്നൽ അവരിൽ ഉണ്ടാകണമെന്നില്ല. ദിവസത്തിന്റെ കുറച്ചു സമയമെങ്കിലും അവരോടൊപ്പം ചെലവിടാൻ കഴിഞ്ഞില്ലെങ്കിൽ മാതാപിതാക്കൾ എന്ന നിലയിൽ അത് നിങ്ങളുടെ പരാജയമാണ്. കുട്ടിയോട് സംസാരിക്കുന്ന സമയം മുഴുവൻ പഠനത്തെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ശ്രദ്ധിക്കണം. അതേസമയം സ്കൂളിലെ വിശേഷങ്ങൾ, കൂട്ടുകാർ ഇത്തരം കാര്യങ്ങൾ തിരക്കുകയും വേണം. എന്തും നിങ്ങളോട് തുറന്നു പറയാം എന്നൊരു ധൈര്യം കുട്ടിയിൽ ഉണ്ടാക്കിയെടുക്കാനാണ് ശ്രദ്ധിക്കേണ്ടത്. വലിയ തെറ്റിലേയ്ക്ക് അവർ നടന്നു നീങ്ങുന്നുണ്ടെങ്കിൽ, ഇത്തരത്തിലുള്ള ഇടപെടലിലൂടെ മാത്രമേ അത് മുൻകൂട്ടി കാണാനും തടയാനും കഴിയുകയുള്ളൂ.

## അവർ ക്രിമിനലുകൾ അല്ല

കുട്ടികൾ ആരും തന്നെ ക്രിമിനലുകൾ അല്ല. പെട്ടെന്നു



ള്ള പ്രകോപനമോ ദേഷ്യമോ ആകാം അവരെ തെറ്റിലേയ്ക്ക് നയിക്കുന്നത്. മറ്റു ചിലപ്പോൾ രക്ഷിതാക്കളുടേയും സമൂഹത്തിന്റേയും മുൻപിൽ താൻ മോശക്കാരനാകുമോ എന്ന ഭയം മൂലമാകാം കുട്ടി അരുതാത്ത പ്രവർത്തികൾ ചെയ്യുന്നത്. സീരിയൽ-സിനിമാ രംഗങ്ങളും ഒരു പരിധി വരെ കുട്ടിയെ സ്വാധീനിക്കുന്നുണ്ടാകാം. മുതിർന്ന ഒരാളെപ്പോലെ കാര്യകാരണങ്ങൾ വിശകലനം ചെയ്തല്ല കുട്ടികൾ കുറ്റകൃത്യം ചെയ്യുന്നത്. മുൻപ് പറഞ്ഞതു പോലെ കോപ്പിയടിച്ചത് പിടിക്കരുത് എന്നു മാത്രമാകും കുട്ടിയുടെ ഉദ്ദേശം. എന്നാൽ അത് മറച്ചു വയ്ക്കാൻ അതിനേക്കാൾ വലിയൊരു തെറ്റാണ് താൻ ചെയ്യുന്നതെന്ന ബോധം അവനില്ല. അവിടെയാണ് കുഴപ്പം. കാര്യം നേടിയെടുക്കാൻ പെട്ടെന്ന് ബുദ്ധിയിൽ തോന്നുന്നത് ചെയ്യുമ്പോൾ പരിണിതഫലങ്ങളെ കുറിച്ച് അവർക്ക് യാതൊരറിവും ഉണ്ടാകില്ല. പിടിക്കപ്പെടുമെന്നോ ശിക്ഷ അനുഭവിക്കേണ്ടി വരുമെന്നോ പഠനവും ജീവിതവും തന്നെ പ്രതിസന്ധിയിലാകുമെന്നോ ഒന്നും ചിന്തിക്കാനുള്ള മാനസികവളർച്ച കുട്ടികൾക്കില്ല. എന്നാൽ സമൂഹം പലപ്പോഴും ഇത് തിരിച്ചറിയാറില്ല. ഒരിക്കൽ കുറ്റകൃത്യത്തിന് പിടിക്കപ്പെട്ട കുട്ടിക്ക് മുതിർന്ന കുറ്റവാളികൾക്ക് ലഭിക്കുന്ന അതേ പരിഗണനയോ ഒരുപക്ഷേ അതിനേക്കാൾ മോശമോ ആണ് സമൂഹത്തിൽ നിന്നും ലഭിക്കുന്നത്. അതുകൊണ്ടു തന്നെ ഒരിക്കൽ കുറ്റകൃത്യത്തിൽ അകപ്പെട്ട കുട്ടിക്ക് അവൻ ആഗ്രഹിച്ചാൽ പോലും നല്ല ജീവിതം ലഭിക്കാത്ത ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. മാനസികവളർച്ച എത്താത്ത പ്രായത്തിൽ ചെയ്യുന്ന കുറ്റങ്ങളെ ആ തലത്തിൽ കാണാനും അവരെ തിരികെ ജീവിതത്തിലേയ്ക്ക് കൊണ്ടുവരാനുമാണ് മാതാപിതാക്കളും സമൂഹവും ശ്രദ്ധിക്കേണ്ടത്.

കുട്ടികൾ എല്ലാത്തിലും ഒന്നാമതാകണം എന്നതിനപ്പുറം അവരെ നല്ല വ്യക്തികളായി വളർത്തിക്കൊണ്ടു വരാനാണ് മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത്. സ്കൂളിൽ ഒന്നാമരായവരെല്ലാം ജീവിതത്തിൽ വിജയിക്കണമെന്നില്ല. പരീക്ഷയിൽ തോറ്റവർ ജീവിതത്തിൽ വിജയിക്കാതിരിക്കണമെന്നുമില്ല. മാർക്ക് ഷീറ്റുകളല്ല ജീവിതത്തിന്റെ അളവുകോൽ. സ്കൂളിനപ്പുറം ഒരു ജീവിതം ഉണ്ട് എന്ന് തിരിച്ചറിയാത്തതിനാലാണ് കുട്ടികൾ അവിടെ നടക്കുന്ന ഓരോ കാര്യങ്ങളേയും ഭയത്തോടു കൂടി സമീപിക്കുന്നത്. മാർക്കു കുറഞ്ഞാലോ അധ്യാപകൻ ശാസിച്ചാലോ ജീവിതം ഒടുക്കാൻ വരെ കുട്ടികൾ തയ്യാറാകുന്നത് ഇത്തരത്തിലുള്ള ഭയം മൂലമാണ്. അതേസമയം ജീവിതത്തെ കുറച്ചു കൂടി വിശാലമായി സമീപിക്കാനാണ് അവരെ പഠിപ്പിക്കേണ്ടത്.

**കുട്ടികൾ എല്ലാത്തിലും ഒന്നാമതാകണം എന്നതിനപ്പുറം അവരെ നല്ല വ്യക്തികളായി വളർത്തിക്കൊണ്ടു വരാനാണ് മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത്. സ്കൂളിൽ ഒന്നാമരായവരെല്ലാം ജീവിതത്തിൽ വിജയിക്കണമെന്നില്ല. പരീക്ഷയിൽ തോറ്റവർ ജീവിതത്തിൽ വിജയിക്കാതിരിക്കണമെന്നുമില്ല. മാർക്ക് ഷീറ്റുകളല്ല ജീവിതത്തിന്റെ അളവുകോൽ. സ്കൂളിനപ്പുറം ഒരു ജീവിതം ഉണ്ട് എന്ന് തിരിച്ചറിയാത്തതിനാലാണ് കുട്ടികൾ അവിടെ നടക്കുന്ന ഓരോ കാര്യങ്ങളേയും ഭയത്തോടു കൂടി സമീപിക്കുന്നത്**

ജീവിതത്തിൽ എല്ലായിടത്തും ഒന്നാമതെത്താനാകില്ലെന്നും എല്ലാ പരീക്ഷകളിലും വിജയിക്കാനാകില്ലെന്നും അധ്യാപകർ ശാസിക്കുന്നത് നല്ല ഭാവിക്കു വേണ്ടിയാണെന്നും ഉള്ള തിരിച്ചറിവ് അവരിൽ വളർത്തിയെടുക്കണം. ഇതിലെല്ലാം ഉപരി കാര്യങ്ങൾ തുറന്നു സംസാരിക്കാനും തിരുത്താനും കഴിയുന്ന നല്ല സുഹൃത്തുക്കളായി മാതാപിതാക്കൾ മാറണം. അവർക്കൊപ്പം നിങ്ങൾ ഉണ്ടെന്ന തോന്നൽ ഉള്ളിൽ ഉറച്ചാൽ അവർ തെറ്റുകളിലേയ്ക്ക് വഴുതി വീഴില്ല.

ലേഖനത്തിൽ പരാമർശിച്ചിരിക്കുന്ന പേരുകൾ സാങ്കൽപ്പികമാണ്.

